**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890</u>** **<u>13-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലാ സ്റ്റേഡിയമായ ഇടവ തോമസ്സ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന് 58.47 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 34.26 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു.<br><br>M/s. കിറ്റ്കോയെയാണ് ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി) ചുമതലപ്പെടുത്തിയിരുന്നത്. M/s.കിറ്റ്കോ മുഖേന ടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരുന്ന സമയത്ത് കിഫ്ബിയുടെ പരിശോധനയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തിയതിനെ തുടർന്ന് പ്രവൃത്തി തടസ്സപ്പെടുകയും തുടർന്ന് പ്രവൃത്തി പുനരാരംഭിക്കുന്ന വിഷയത്തിൽ തീരുമാനമുണ്ടാകുന്നതിന് കാലതാമസ മുണ്ടായതിനാൽ കരാറുകാരൻ പ്രവൃത്തി തുടരാൻ താത്പ്പര്യമില്ലായെന്നും കരാറിൽ നിന്നും ഒഴിവാക്കണമെന്നും M/s.കിറ്റ്കോയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ടി പദ്ധതിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവർത്തികളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 22.02.2024-തീയതിയിലെ സ.ഉ.(സാധാ). 56/2024/S&YA പ്രകാരം ചുമതല പ്പെടുത്തിയിരുന്നു. ടി പ്രവർത്തിയുമായി ബന്ധപ്പെട്ട രേഖകൾ മുൻ എസ്.പി.വി ആയ കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ ടെണ്ടർ ഡോക്യുമെന്റ്സ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ദർഘാസിൽ ഏറ്റവും കുറഞ്ഞ |

| | | | |
|---|---|---|---|
| | | | നിരക്ക് ക്വോട്ട് ചെയ്ത M/s.ജെ.ജെ.അസോസിയേറ്റ്സ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകി 26,51,39,934/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും 15.01.2025-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ